**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6658** **11-07-2024 - ൽ മറുപടിയ്ക്ക്**

**ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റിയിൽ ഇപ്പോൾ എത്ര അധ്യാപക സംഘടനകളുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ക്യൂ.ഐ.പി. കമ്മിറ്റിയിൽ നിലവിൽ കെ.എസ്.ടി.എ., കെ.പി.എസ്.ടി.എ, എ.കെ.എസ്.ടി.യു., കെ.എസ്.ടി.യു,, കെ.എസ്.ടി.എഫ്., കെ.എസ്.ടി.സി., കെ.പി.ടി.എ, കെ.എ.എം.എ, എൻ.ടി.യു. എന്നിങ്ങനെ 9 സംഘടനകളുണ്ട്. |
| (ബി) | ക്യു.ഐ.പി. കമ്മിറ്റിയിലേക്ക് അധ്യാപക സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇതിനായി പ്രത്യേക മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല. |
| (സി) | ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും ഏതെങ്കിലും അധ്യാപക സംഘടനകളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംഘടനകളെ ആണെന്നും എന്ത് കാരണം കൊണ്ടാണ് പ്രസ്തുത സംഘടനകളെ ഒഴിവാക്കിയതെന്നും അറിയിക്കുമോ; | (സി) | 2015 ൽ ക്യൂ.ഐ.പി. കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്ന സംഘടനകളിൽ KPSTU, KATF, KATA, APSHA എന്നീ സംഘടനകളെ 2017- ൽ ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | ക്യു.ഐ.പി. കമ്മിറ്റി തുടങ്ങിയത് മുതൽ അംഗമായിരുന്ന സംഘടനകളിൽ ഏതെല്ലാം സംഘടനകളെ ക്യു.ഐ.പി. കമ്മിറ്റിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; കെ.എ.ടി.എഫ് എന്ന സംഘടനയെ പ്രസ്തുത കമ്മിറ്റിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ; | (ഡി) | KATF 2015 ലെ കമ്മിറ്റിയിൽ ഉൾപ്പെട്ടിരുന്നു. 2017-ലെ കമ്മിറ്റിയിൽ പ്രസ്തുത സംഘടനയെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഇ) | ക്യൂ.ഐ.പി.യിൽ തുടക്കം മുതൽ ഉള്ള സംഘടനയായ കെ.എ.ടി.എഫ് എന്ന സംഘടനയെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ